കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ്- WP(C)No.31207/12-ൽ ബഹു: ഹൈക്കോടതിയുടെ 08.03.2013-ലെ വിധിന്യായം - ശ്രീ. ഷിബു. വി.കെ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1422/13/തസ്വഭവ     തിരുവനന്തപുരം, തീയതി: 31/05/2013.

---

പരാമർശം: 1) ജി.ഒ.(ആർ.റ്റി)2451/12/തസ്വഭവ തീയതി 23.08.2012.

2) ജില്ലാ കളക്ടറുടെ 13.09.2012-ലെ എം.5/42400/04/ നടപടി ക്രമങ്ങൾ.

3) ശ്രീ. ഷിബു. വി.കെ 22.10.2012-ൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.

4) **WP(C)**31207/12- ന്റെ 08.03.2013-ലെ വിധിന്യായം.

## ഉത്തരവ്

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഇമ്മാനുവൽ ചർച്ചിന്റെ സെമിത്തേരി നിർമ്മാണത്തിനായുള്ള അപേക്ഷ എറണാകുളം ജില്ലാ കളക്ടർ നിരസിച്ചതിനെ തുടർന്ന് പാസ്റ്റർ എം. ജോസഫ്കുട്ടി ഹൈക്കോടതിയിൽ **WP(C)**27849/11 ആയി കേസ് ഫയൽ ചെയ്യുകയും അതിൻമേലുള്ള 20.10.2011-ലെ വിധിന്യായം അനുസരിച്ച് ശ്രീ. ജോസഫ്കുട്ടി സർക്കാരിൽ അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു. സുഷിരങ്ങളില്ലാത്ത കോൺക്രീറ്റ് ബങ്കറുകൾ നിർമ്മിച്ച് ശവം മറവുചെയ്താൽ യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകാൻ ഇടയില്ലാത്തതാണെന്ന് ഭൂഗർഭ ജലവകുപ്പിന്റെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ, കോൺക്രീറ്റ് വോൾട്ട് ടൈപ്പ് സെമിത്തേരി നിർമ്മിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഉചിതമായ തീരുമാനം കൈക്കൊള്ളാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പാസ്റ്റർ എം. ജോസഫ്കുട്ടി സമർപ്പിച്ച അപ്പീൽ, പരാമർശം (1) പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം മുളന്തുരുത്തി വില്ലേജിൽ സർവ്വെ നം. 69/4 (ബ്ളോക്ക് 23)-ൽപ്പെട്ട ഭൂമിയിൽ സെമിത്തേരി (കോൺക്രീറ്റ് ബങ്കർ) നിർമ്മിക്കാൻ 1998 -ലെ കേരള പഞ്ചായത്ത്രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ റൂൾ 6(8)(C) പ്രകാരം പാസ്റ്റർ എം. ജോസഫ്കുട്ടിക്ക് എറണാകുളം ജില്ലാ കളക്ടർ പരാമർശം 2 നടപടിക്രമം അനുസരിച്ച് അനുമതി നൽകിയിരുന്നു.

2) എറണാകുളം ജില്ലാ കളക്ടറുടെ 13.09.2012-ലെ നടപടിക്രമം ചോദ്യം ചെയ്തുകൊണ്ട് എറണാകുളം ജില്ലയിലെ മുളന്തുരുത്തി വലിയവീട്ടിൽ ഹൗസിൽ ശ്രീ. വി.കെ. ഷിബു ബഹു: ഹൈക്കോടതി മുമ്പാകെ **WP(C)No.**31207/12 ആയി കേസ് ഫയൽ ചെയ്തിരുന്നു.

3) 08.03.2013-ലെ ബഹു: ഹൈക്കോടതി വിധിന്യായത്തിൽ, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 2 മാസത്തിനകം അപേക്ഷകനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും നേരിൽ കേട്ട് തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു. ആയതിൻ പ്രകാരം 24.05.2013-ൽ അപേക്ഷകനേയും ബന്ധപ്പെട്ടവരെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകനെ പ്രതിനിധീകരിച്ച് അഡ്വ. ആർ. കൃഷ്ണകുമാറും, എറണാകുളം ജില്ലാ കളക്ടറെ പ്രതിനിധീകരിച്ച് ജൂനിയർ സൂപ്രണ്ട് ഇ.എസ്. സജിയും, വൈറ്റില പെന്തക്കോസ്ത് മിഷൻ പാസ്റ്റർ എം. ജോസഫ്കുട്ടിയുടെ പ്രതിനിധിയായി ശ്രീ. റെന്നി എം. പോളും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഹാജരായിരുന്നു.

4) 13.09.2012-ലെ എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പെന്തക്കോസ്തു മിഷനും ഇമ്മാനുവൽ ചർച്ചിനും മുളന്തുരുത്തി വില്ലേജിൽ സർവ്വേ നം. 69/4-ൽ കോൺക്രീറ്റ് ബങ്കർ ശ്മശാനം നിർമ്മിയ്ക്കാൻ അനുവദിച്ച വിവരം 2012 ഒക്ടോബർ മാസത്തിലാണ് പരിസരവാസിയായ പരാതിക്കാരൻ അറിയുന്നതെന്നും ആയത് 1998-ലെ കേരള പഞ്ചായത്ത്രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 6(7)-ന്റെ ലംഘനമാണെന്നും പരാതിക്കാരന്റെ പ്രതിനിധി വാദിച്ചു. 2004-ൽ അപേക്ഷകൻ ശവം മറവു ചെയ്യാനുള്ള അനുമതിയ്ക്കാണ് അപേക്ഷിച്ചിരുന്നതെന്നും എന്നാൽ 2012-ലെ നടപടിക്രമങ്ങൾ പ്രകാരം കോൺക്രീറ്റ് വോൾട്ടിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളതെന്നും അപേക്ഷ തീർപ്പാക്കാൻ 8 വർഷത്തെ കാലതാമസം വന്നതിന് വിശദീകരണം നൽകിയിട്ടില്ലെന്നും ഇത് 1998-ലെ പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 6(9)-ന്റെ ലംഘനമാണെന്നും വാദിച്ചു. ശവം മറവു ചെയ്യുന്നതിനുള്ള അപേക്ഷയാണ് അപേക്ഷകൻ നൽകിയിട്ടുള്ളതെന്നും ഗവൺമെന്റിന് കോൺക്രീറ്റ് വോൾട്ട് ആക്കാനുള്ള അധികാരം ഇല്ലെന്നും പാസ്റ്റർ എം.ജോസഫ്കുട്ടി അധികാരികളെ തെറ്റിധരിപ്പിച്ചും സമ്മർദ്ദം ചെലുത്തിയുമാണ് സെമിത്തേരി പണിയുന്നതിന് അംഗീകാരം നേടിയിട്ടുള്ളതെന്നും പരാതിക്കാരന്റെ പ്രോപ്പർട്ടി നിർദ്ദിഷ്ട ശ്മശാനത്തിന്റെ 25 മീറ്റർ ചുറ്റളവിലാണെന്നും അതിനാൽ ശ്മശാന നിർമ്മാണം 1998-ലെ കേരള പഞ്ചായത്ത്രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം (5)-ന്റെ ലംഘനമാണെന്നും പരാതിക്കാരന്റെ പ്രതിനിധി വാദിച്ചു.

5) മുളന്തുരുത്തി വില്ലേജിലെ സർവ്വേ നം.69/4-ൽ ഉൾപ്പെട്ട 3.68 ആർ സ്ഥലം ഇമ്മാനുവൽ ചർച്ചിലെയും പെന്തക്കോസ്തൽ മിഷന്റെയും വിശ്വാസികളെ അടക്കം ചെയ്യുന്നതിനുള്ള ആവശ്യത്തിനാണ് പെന്തക്കോസ്തൽ മിഷൻ വാങ്ങിയിട്ടുള്ളതെന്നും പ്രസ്തുത സ്ഥലത്തിന് 50 മീറ്റർ ചുറ്റളവിൽ വാസ ഗൃഹങ്ങളോ, കുടിവെള്ള സ്രോതസ്സുകളോ ഇല്ലായെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സർട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം പത്രത്തിൽ പരസ്യം നൽകുകയും എതിർപ്പുകൾ വന്നതിനെ തുടർന്ന് 6 പ്രാവശ്യത്തോളം ഹിയറിംഗ് നടത്തുകയുണ്ടായെന്നും എന്നാൽ ഒരിക്കൽ പോലും പരാതിക്കാരനായ ഷിബു ഹിയറിംഗിന് ഹാജരായിട്ടില്ല എന്നും ഇപ്പോൾ കോൺക്രീറ്റ് ബങ്കറിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും പെന്തക്കോസ്തു മിഷന്റെ പ്രതിനിധി ബോധിപ്പിച്ചു.

6) ടി സ്ഥലത്തിന്റെ കിഴക്ക് ഭാഗത്തായി തൊട്ടടുത്ത പ്ളോട്ട് കേരള പുലയർ മഹാസഭയുടെ ശ്മശാനഭൂമിയാണെന്നും പെന്തക്കോസ്ത് മിഷന് ശ്മശാനം പണിയുന്നതിന് തടസ്സമില്ലാ എന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

7) ജില്ലാ കളക്ടറുടെ പ്രതിനിധി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"1998-ലെ പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം കളക്ടറുടെ നിർദ്ദേശ പ്രകാരം 25.11.2004-ലെ ദീപിക പത്രത്തിൽ ടി ശ്മശാന ഭൂമി സംബന്ധിച്ച് ആക്ഷേപങ്ങളും തർക്കങ്ങളും ഉണ്ടെങ്കിൽ അറിയിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരസ്യപ്പെടു ത്തിയിട്ടുള്ളതാണ്. തൊട്ടടുത്തു പ്രവർത്തിക്കുന്ന നിർമ്മല ആർട്സ് ആന്റ് സയൻസ് കോളേജ് അധികാരികളും ചില പരിസരവാസികളും കുടിവെള്ള സ്രോതസ്സ് മലിനപ്പെടും എന്ന ആശങ്ക പ്രകടിപ്പിച്ചു. അതനുസരിച്ച് ഭൂജലവകുപ്പിന്റെ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ഭൂജലസ്രോതസ്സുകൾ 50 മീറ്ററിൽ കൂടുതൽ ദൂരത്തായതിനാൽ മലിനമാകാനുള്ള സാദ്ധ്യത കുറവാണെന്നും എന്നിരുന്നാലും സെമിത്തേരി ഭാഗത്തു നിന്നും ഊറ്റ് ഇറങ്ങാതിരിയ്ക്കുന്നതിനു വേണ്ടി സുഷിരങ്ങളില്ലാത്ത കോൺക്രീറ്റ് ബങ്കറുകൾ നിർമ്മിച്ച് ശവം മറവു ചെയ്താൽ യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകാൻ ഇടയില്ല എന്ന് ശുപാർശ ചെയ്തു. ഇതനുസരിച്ച് കോൺക്രീറ്റ് വോൾട്ട് ടൈപ്പ്

സെമിത്തേരി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, മെഡിക്കൽ ഓഫീസർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവർ അംഗീകരിച്ച ഒന്നാം നമ്പർ ഫോറത്തിലുള്ള അപേക്ഷയും സ്കെച്ചും സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടർ ഉത്തരവായി. ഇതിനെതിരായി പാസ്റ്റർ എം. ജോസഫ് കുട്ടി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ടി കേസിന്റെ വിധിന്യായ പ്രകാരം ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും സുഷിരങ്ങളില്ലാത്ത കോൺക്രീറ്റ് ബങ്കറുകൾ നിർമ്മിച്ച് ശവം മറവു ചെയ്താൽ യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകാൻ ഇടയില്ലാത്തതാണെന്ന സാഹചര്യത്തിൽ അപ്രകാരം അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതല പ്പെടുത്തിക്കൊണ്ട് പരാമർശം സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവിൻ പ്രകാരമുള്ള എറണാകുളം ജില്ലാ കളക്ടറുടെ 13.09.2012-ലെ നടപടിക്രമം ചോദ്യംചെയ്തുകൊണ്ടാണ് ശ്രീ. ഷിബു. വി.കെ **WP(C)**നം 31207/12 ആയി ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളത്.

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1998-ലെ കേരള പഞ്ചായത്ത്രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് മുളന്തുരുത്തി വില്ലേജിലെ സർവ്വേ നം. 69/4-ൽ ഉൾപ്പെട്ട 3.68 ആർ സ്ഥലത്ത് ഇമ്മാനുവേൽ ചർച്ചിലേയും പെന്തക്കോസ്തു മിഷന്റെയും വിശ്വാസികളെ അടക്കം ചെയ്യുന്നതിനുള്ള സെമിത്തേരിയ്ക്ക് എറണാകുളം ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുള്ളത്. 100 മീറ്ററിനുള്ളിൽ വാസഗൃഹങ്ങളില്ലാത്തതിനാലും കോൺക്രീറ്റ് വോൾട്ട് ആയതിനാൽ പരിസര മലിനീകരണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുള്ളതിനാലും കോൺക്രീറ്റ് വോൾട്ട് ആയതിനാൽ പരിസരവാസികൾക്ക് എതിർപ്പില്ലാത്തതിനാലും സെമിത്തേരിയ്ക്ക് അനുമതി നൽകിയത് അംഗീകരിയ്ക്കാവുന്നതാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശ്രീ. ഷിബുവിന്റെ വാദങ്ങൾ അസ്ഥാനത്താണ്. ആയതിനാൽ, പരാമർശം സർക്കാർ ഉത്തരവ് പുന:പരിശോധിച്ചു കൊണ്ട് 13.09.2012-ലെ എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം തള്ളിക്കളയണമെന്ന ശ്രീ. വി.കെ.ഷിബുവിന്റെ അപ്പീൽ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട്, ശ്രീ. വി. കെ. ഷിബു സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ഉപരിപത്രം സഹിതം)
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീ. ഷിബു. വി.കെ. വലിയവീട്ടിൽ ഹൗസ്, മുളന്തുരുത്തി, എറണാകുളം.
സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം.
പാസ്റ്റർ എം. ജോസഫ്കുട്ടി, പെന്തക്കോസ്റ്റ് മിഷൻ, വൈറ്റില, കൊച്ചി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ